പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ **4630**

**13.11.2019** -ലെ മറുപടിയ്ക്ക്

## കേന്ദ്രസർക്കാരിന്റെ തൊഴിൽ നിയമ പരിഷ്കാരങ്ങൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന കേന്ദ്രസർക്കാരിന്റെ പുതിയ തൊഴിൽ നിയമ പരിഷ്കാരങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സംസ്ഥാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശുപാർശകൾക്കനുസൃതമായി രാജ്യത്തെ തൊഴിൽ നിയമങ്ങൾ നാല് ബൃഹത് നിയമ സംഹിതകളായി സമാഹരിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. ലേബർ കോഡ് ഓൺ വേജസ്, ലേബർ കോഡ് ഓൺ ഇൻഡസ്ട്രിയൽ റിലേഷൻസ്, കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി & വെൽഫെയർ, കോഡ് ഓൺ ഒക്കുപേഷണൽ സേഫ്റ്റി, ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻസ് എന്നിവയാണ് പ്രസ്തുത നാല് നിയമങ്ങൾ. 1936-ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1945-ലെ മിനിമം വേജസ് ആക്ട്, 1965-ലെ പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, 1976-ലെ ഈക്വൽ റമ്യൂണറേഷൻ ആക്ട് എന്നിവയെ സംയോജിപ്പിച്ച് കോഡ് ഓൺ വേജസ് ഇതിനോടകം പാർലമെന്റ് പാസാക്കി അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ കരട് ചട്ടങ്ങൾ അഭിപ്രായങ്ങളും ആക്ഷേപങ്ങളും അറിയിക്കുന്നതിനായി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം ടി നിയമങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെന്റിനെ വിവിധ ഘട്ടങ്ങളിൽ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിൽ വന്നിട്ടുള്ള കോഡ് ഓൺ വേജസ് സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്. കേന്ദ്ര ഗവൺമെന്റ് പാസാക്കുന്ന നിയമങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ട്. എന്നാൽ ടി നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുത്തുകയാണെങ്കിൽ അത് ഏതെല്ലാം രീതിയിലാണ് സംസ്ഥാനത്തെ ബാധിക്കുകയെന്ന് വിശദമാക്കാമോ; | (ബി) നിയമം നടപ്പിലാകുമ്പോൾ നിലവിലുള്ള തൊഴിൽ നിയമങ്ങളിലെ ഒട്ടുമിക്ക വ്യവസ്ഥകളും പുതിയ നിയമത്തിലും ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കാതലായ മാറ്റം/വ്യത്യാസം ചില വ്യവസ്ഥകളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, ബാധകമാകുന്നത് ഇരുപതിൽ കൂടുതൽ തൊഴിലാളികൾ ഉള്ള |

സ്ഥാപനങ്ങൾക്ക് മാത്രമായി ചുരുങ്ങും എന്നതാണ്. നിലവിൽ ഉണ്ടായിരുന്ന നിയമത്തിലും ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ ഉണ്ടായിരുന്നെങ്കിലും ആയതിൽ ഭേദഗതി വരുത്തുവാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടായിരുന്നു. സംസ്ഥാനത്ത് ഈ അധികാരം ഉപയോഗിച്ച് ഇതിൽ നിലവിൽ 10-ൽ കൂടുതൽ തൊഴിലാളികൾ ഉള്ള സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. എന്നാൽ പുതിയ നിയമത്തിൽ സംസ്ഥാനങ്ങൾക്ക് ഈ വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് അധികാരം നൽകിയിട്ടില്ല.

സംസ്ഥാന മിനിമം വേതന ഉപദേശക സമിതിയുടെ ഘടനയിലും പ്രവർത്തനത്തിലും കാര്യമായ വ്യത്യാസം പുതിയ നിയമത്തിന്റെ രൂപീകരണം അനിവാര്യമാക്കി തീർത്തിട്ടുണ്ട്. പുതിയ നിയമ പ്രകാരം തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ചുമതല കൂടി ടി നിയമപ്രകാരം രൂപീകരിക്കുന്ന ഉപദേശക സമിതിയുടെ ചുമതലയാണ്. ഉപദേശക സമിതിയിലും കമ്മിറ്റികളിലും മൂന്നിലൊന്ന് സ്ത്രീ പ്രാതിനിധ്യം ടി നിയമം നിഷ്കർഷിക്കുന്നുണ്ട്. അതുപോലെ തൊഴിൽ നിയമ ലംഘനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പിഴ ശിക്ഷ പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ച് ഇളവുകൾ നൽകി തീർപ്പാക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് അധികാരം സംബന്ധിച്ചും വ്യവസ്ഥയുണ്ട്. നിലവിലുള്ള ഇൻസ്പെക്ടർമാർക്ക് ഫെസിലിറ്റേറ്റർ എന്ന രീതിയിലുള്ള ചുമതല കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമലംഘനങ്ങൾക്കുള്ള ശിക്ഷകളിലും മാറ്റം വരുത്തിയിട്ടുണ്ട്. കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് നിയോഗിച്ചിട്ടുള്ള അഞ്ചിൽ കൂടുതൽ എണ്ണം ഇല്ലാത്ത തൊഴിലാളികളെ സംബന്ധിക്കുന്ന രേഖകൾ തൊഴിലുടമ സൂക്ഷിക്കേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമപ്രകാരമുള്ള ക്ലെയിം കേസുകളിലെ തുക തൊഴിലാളിക്ക് നൽകിയിട്ടുണ്ട് എന്ന് തെളിയിക്കാനുള്ള ബാദ്ധ്യത തൊഴിലുടമക്കാണ്.

| | |
|---|---|
| സി) കേന്ദ്രസർക്കാരിന്റെ തൊഴിൽ നിയമങ്ങൾക്ക് വിഭിന്നമായി തൊഴിലാളി സൗഹൃദ തൊഴിൽ നിയമങ്ങൾക്ക് സ്വതന്ത്രമായി രൂപം നൽകാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരമുണ്ടോ; വിശദമാക്കാമോ? | (സി) കേന്ദ്ര ഗവൺമെന്റ് പാസാക്കുന്ന നിയമങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ട്. എന്നാൽ ടി നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

Srishan

**സെക്ഷൻ ഓഫീസർ**